(4) പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമി റീസർവ്വെ നടത്തി അവകാശപത്രം നൽകുക.

ഹരിജന ഗിരിജന വർഷം പ്രമാണിച്ച് 1984-85 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും താഴെപ്പറയുന്ന പദ്ധതികൾക്ക് ധനസഹായം നൽകുകയും ചെയ്തു. കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി, (1263 ഗുണഭോക്താക്കൾ) വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള പദ്ധതി, (284 ഗുണഭോക്താക്കൾ) സ്വയം തൊഴിൽ നേടുന്നതിനുള്ള പദ്ധതി, (5623 ഗുണഭോക്താക്കൾ) സഹകരണ സംഘങ്ങൾക്കുള്ള വായ്പ, (3 ഗുണഭോക്താക്കൾ) ഭവനനിർമ്മാണ പദ്ധതി (1033 ഗുണഭോക്താക്കൾ) ആകെ 8206 ഗുണഭോക്താക്കൾ.

(ബി) പട്ടികജാതി വികസനവകുപ്പ്

(1) ഭവനനിർമ്മാണം കൊണ്ട് പ്രയോജനം ലഭിച്ചവർ-2381 കുടുംബങ്ങൾ

(2) വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിച്ചവർ—കോളേജ് തലം—36,528 പേർ, സ്കൂൾതലം—5,40,712 പേർ.

(3) വിവിധ പരിശീലന കോഴ്സുകൾ—350 പേർ.

പട്ടികവർഗ്ഗ വികസന വകുപ്പ്

52 പട്ടികവർഗ്ഗ യുവാക്കൾക്ക് ഹെവിവെഹിക്കിൾ ഡ്രൈവിംഗ് പരിശീലനം നൽകി. 104 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി. ടി. സി. ക്ക് പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു. 25 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർവ്വെ ട്രെയിനിംഗ് നൽകിക്കഴിഞ്ഞു. പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമി റീസർവ്വെ ചെയ്ത് അവകാശപത്രം നൽകുന്ന പരിപാടി നടന്നു വരികയാണ്.

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

ഇതിന്റെ ഫലമായി 7787 പട്ടികജാതിക്കാർക്കും 416 പട്ടികവർഗ്ഗക്കാർക്കും പ്രയോജനം ഉണ്ടായിട്ടുണ്ട്. കൂടാതെ രണ്ട് മോട്ടോർ സഹകരണ സംഘങ്ങൾക്കും ഒരു ടി. വി. ക്യാബിനറ്റ് നിർമ്മാണ സഹകരണസംഘത്തിനും സഹായം നൽകി.

ധീവര സമുദായത്തെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്താൻ നടപടി

32 [36] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ഏതെല്ലാം സമുദായങ്ങളെ ശുപാർശ ചെയ്തിട്ടുണ്ട്;



LIBRARY ARCHIVES Kerala Legislative Assembly

(ബി) അരയൻ, വാലൻ, മുകയൻ, നുളയൻ, മുക്കുവൻ, അരയവാത്തി, വളൻജിയർ, പണിയാക്കൻ, ബോവീസ്—മൊഗയർ എന്നീ അവാന്തര വിഭാഗങ്ങളും ഉൾക്കൊള്ളുന്ന ധീവര സമുദായത്തെ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെടുത്താൻ സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനോട് ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ശുപാർശ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പട്ടികജാതി—പട്ടികവർഗ ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതിന് ശുപാർശ ചെയ്യപ്പെട്ട സമുദായങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇല്ല.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നതേയുള്ളൂ.

നുളയൻ, ബോവീസ്, പണിയാക്കൻ, വളൻജിയാർ സമുദായങ്ങൾ

33 [37] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നുളയൻ, ബോവീസ്, പണിയാക്കൻ, വളൻജിയാർ എന്നീ അവാന്തര വിഭാഗങ്ങളെക്കൂടി ധീവരസമുദായത്തിൻറെ പരിധിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഉത്തരവു പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇതിനാവശ്യമായ നിർദ്ദേശങ്ങൾ വിഷയ നിർണ്ണയ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചുകഴിഞ്ഞു. കമ്മിറ്റിയുടെ ഉപദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ സർക്കാരുത്തരവു പുറപ്പെടുവിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ബസ്സ് വിതരണം

34 [38] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ബസ്സ് വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര ബസ്സ് വീതമാണ് വിതരണം ചെയ്തിട്ടുള്ളത്?

* അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly